# സി.ഡി.എസ് സന്ദർശന റിപ്പോർട്ട്

നവംബർ 13,14 തീയതികളിൽ കോഴിക്കോട് ജില്ലയിലെ കക്കോടി സി.ഡി.എസ് ഓഫീസ് സന്ദർശിച്ചു. ചെയർ പേഴ്സൺ, വൈസ് ചെയർ പേഴ്സൺ, ഉപസമിതി കൺവീനർമാർ, അക്കൗണ്ടന്റ് എന്നിവരുമായി സൗഹൃദപരമായ രീതിയിൽ ആശയവിനിമയം നടത്തി. സി.ഡി.എസ് ഓഫീസിൽ അയൽക്കൂട്ടങ്ങളുടെ ഓഡിറ്റ് നടത്തുന്ന പ്രക്രിയ തകൃതിയിൽ പുരോഗമിക്കുന്നു.

സി.ഡി.എസ് കമ്മിറ്റി വളരെ നല്ല രീതിയിൽ കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനമായ പഞ്ചായത്തുമായി അഭേദ്യമായ ബന്ധം പുലർത്തുന്നുണ്ട്. സി.ഡി.എസിന്റെ എല്ലാ പ്രവർത്തനങ്ങളിലും പഞ്ചായത്തിന്റെ സഹകരണം ദൃശ്യമാണ്. സി.ഡി.എസിന് മുതൽക്കൂട്ടായി മെമ്പർ സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള അംഗങ്ങളുടെ ഒത്തൊരുമ, പുതിയ ആശയങ്ങൾ ചർച്ച ചെയ്യാനും നിഷേധാത്മകമല്ലാത്ത രീതിയിൽ പുരോഗമന ചിന്തയോടെ പ്രാവർത്തികമാക്കാനും കാണിക്കുന്ന ഏകാഗ്രത എന്നിവയുമുണ്ട്.

കുടുംബശ്രീയുടെ നിലവിലെ പ്രവർത്തനങ്ങളെ കുറിച്ച് എല്ലാ സി.ഡി.എസ് അംഗങ്ങൾക്കും വ്യക്തമായ ധാരണയുണ്ട്.

സി.ഡി.എസ് ഓഫീസിനു തൊട്ടടുത്ത് പ്രവർത്തിക്കുന്ന ജെൻഡർ റിസോഴ്സ് സെന്റർ സന്ദർശിച്ചു. ആശ്രയ ഉപഭോക്താക്കളെ കാണാനും അവരുടെ ആവശ്യങ്ങളിലുള്ള സി.ഡി.എസിന്റെ ഇടപെടൽ കാര്യക്ഷമമാണെന്ന് മനസ്സിലാക്കാനും സാധിച്ചു. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗ്രാമശ്രീ എന്ന സൂക്ഷ്മ സംരംഭം (പ്രവർത്തനം : അപ്പർ സ്റ്റിച്ചിങ് ) സന്ദർശിച്ചു. വളരെ മികച്ച രീതിയിൽ പ്രവർത്തനം കാഴ്ച വയ്ക്കുന്ന ജനപ്രിയ എന്ന അയൽക്കൂട്ടം സന്ദർശിച്ചു. സോപാനം എന്ന വയോജന അയൽക്കൂട്ടം സന്ദർശിച്ചു. മാസത്തിലൊരിക്കൽ മുൻകൂട്ടി നിശ്ചയിച്ച ഒരു ദിനത്തിലാണ് വയോജന അയൽക്കൂട്ട യോഗം നടക്കുന്നത്. ആ ദിവസത്തിനായുള്ള കാത്തിരിപ്പിന്റെ അനുഭവങ്ങൾ അവർ പങ്കുവെച്ചത് അവിസ്മരണീയമാണ്. വയോജനങ്ങൾ നേരിടുന്ന ഒറ്റപ്പെടലുകളുടെ, മാനസിക സമ്മർദ്ദങ്ങൾ അതിജീവിക്കലിന്റെ, ആകുലതകൾ പങ്കു വയ്ക്കലിന്റെ സമാഗമമായിരുന്നു ആദ്യ പകുതി. പിന്നീട് ആട്ടവും പാട്ടും എല്ലാം ചേർന്ന് ഒരു ഉത്സവ പ്രതീതിയിലായിരുന്നു. ബാക്കി ദിവസങ്ങളിൽ സമയം വെറുതെ പാഴാകുകയാണെന്നും, വയോജനങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹമുണ്ടെന്നും പ്രായാധിക്യം കാരണം ഇരുന്ന് മാത്രം തൊഴിൽ ചെയ്യാൻ കഴിയുമെന്നും മെഴുകുതിരി നിർമാണം, ചന്ദനത്തിരി നിർമാണം തുടങ്ങിയവ ആരംഭിക്കാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ടു.

സി.ഡി.എസ് അംഗങ്ങൾ എല്ലാവരും സാമൂഹ്യ പ്രതിബദ്ധതാ മനോഭാവവും ആത്മാർത്ഥതയും വച്ചു പുലർത്തുന്നു.

സി.ഡി.എസ് അംഗങ്ങളുടെ പരസ്പര സഹകരണം അനുകരണീയവും പ്രശംസനീയവുമാണ്.

ശ്രീബാൽ ബി.എസ്.
വെബ് അഡ്മിനിസ്ട്രേറ്റർ
കുടുംബശ്രീ